(ഡി) ഈ കേസ്സിൽ പോലീസ് വിജിലൻസ് അന്വേഷണം തുടങ്ങിയിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഇക്കാര്യത്തിലുള്ള വനം വിജിലൻസ് വിഭാഗത്തിന്റെ റിപ്പോർട്ട് പരിശോധിച്ച് നടപടി എടുക്കുവാൻ മുഖ്യവനപാലകൻ വനം കസ്റ്റോഡിയന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നോർത്ത് വയനാട് ഫോറസ്റ്റ് ഡിവിഷനിലെ ബേഗൂർ റെയിഞ്ചിൽ കൈയേറ്റമെന്ന് സംശയിക്കപ്പെടുന്ന സ്ഥലത്ത് മരംമുറി നടന്നതായി വനം വിജിലൻസ് റിപ്പോർട്ട് ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ വിജിലൻസ് എൻക്വയറി നടത്താനും ബന്ധപ്പെട്ട ഫോറസ്റ്റ് അധികൃതർക്കെതിരെ നടപടി എടുക്കാനും ആവശ്യപ്പെട്ടുകൊണ്ട് എൻവയോൺമെന്റൽ പ്രൊട്ടക്ഷൻ സൊസൈറ്റിയുടെ ചെയർമാനായ ജോജി ജോസഫ് ഫയൽ ചെയ്ത ഒ.പി.നം.18877/98 കേസ്സിൽ തീർപ്പു കല്പിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി 29.9.98-ൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) അന്വേഷണം പുരോഗമിച്ചു വരുന്നു.

സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി ലോകബാങ്ക് സഹായം

68 (1891) ശ്രീ. പാലോട് രവി :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീ. കെ.സി. ജോസഫ് :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ഫോറസ്ട്രിക്കുവേണ്ടി ലോകബാങ്ക് ഇതേവരെ എന്തു തുക സഹായം നൽകിയിരുന്നു;

(ബി) അതിൽ എന്തു തുക തിരിച്ചു നൽകണമായിരുന്നു;

(സി) പ്രസ്തുത തുക തിരിച്ച് നൽകുന്നതിനുള്ള വ്യവസ്ഥ എന്തെല്ലാമായിരുന്നു;

(ഡി) തിരിച്ചു കൊടുക്കേണ്ട തുകയിൽ ഇതുവരെ എന്തു തുക കൊടുത്തു;

(ഇ) ബാക്കി എന്തു തുക തിരിച്ചു കൊടുക്കാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 60.3 കോടി രൂപ

(ബി) ലോകബാങ്കിൽ നിന്നു ലഭിച്ച 60.3 കോടി രൂപയും കൂടാതെ ബാങ്കിന്റെ സർവ്വീസ് ചാർജും തിരിച്ചടയ്ക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സഹായധനം കേന്ദ്രസർക്കാർ മുഖേനയാണ് ലഭിച്ചിട്ടുള്ളത്. അതിനാൽ കേന്ദ്ര സർക്കാരിന്റെ വിദേശ വായ്പ ലഭിക്കുന്നതിനുള്ള എല്ലാ നിബന്ധനകളും വ്യവസ്ഥകളും ഈ വായ്പയ്ക്ക് ബാധകമാണ്.

(ഡി)&(ഇ) വായ്പ തിരിച്ചടയ്ക്കുന്നത് കേന്ദ്ര സർക്കാർ ആയതിനാൽ ഇതുവരെ എന്തു തുക തിരിച്ചടച്ചുവെന്നും ബാക്കി എന്തു തുകയുണ്ടെന്നും വനംവകുപ്പിനു അറിയില്ല.

വെള്ളകിൽ തടിലേലം

69(1892)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999 സെപ്റ്റംബർ മാസത്തിൽ കോട്ടയം ടിംബർ സെയിൽസ് ഡിവിഷന്റെ കീഴിലുള്ള വെട്ടിക്കാട് ടിംബർ ഡിപ്പോയിൽ നടന്ന ലേലത്തിൽ 'വെള്ളകിൽ' തടികൾ എത്ര രൂപയ്ക്കാണ് ലേലത്തിൽ വിറ്റതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ലേലം കോൺട്രാക്ടർമാർ 'റിംഗ്' ചെയ്തതിനാൽ റദ്ദാക്കിയിട്ടുണ്ടോ;

(സി) നവംബറിൽ നടന്ന പുനർ ലേലത്തിൽ ഈ തടികൾക്ക് എന്ത് തുകയാണ് ലഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ ലേലവും കോൺട്രാക്ടർമാർ 'റിംഗ്' ചെയ്തതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് പരാതിയുടെ അടിസ്ഥാനത്തിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(എഫ്) വെള്ളകിൽ തടി 'പ്രൈസ് ഫിക്സേഷൻ ആക്ടിന്റെ' പരിധിയിൽ ഉൾപ്പെടുമോ;

(ജി) പ്രസ്തുത തടി ലേലം ചെയ്ത് നീക്കം ചെയ്തിട്ടുണ്ടോ;

(എച്ച്) വെട്ടിക്കാട് തടി ഡിപ്പോയിൽ നടന്ന ലേലത്തിൽ കോൺട്രാക്ടർമാർ റിംഗ് ചെയ്തതിൽ ഡിപ്പോ ഓഫീസർക്കും ഡി.എഫ്.ഒ.യ്ക്കും ഉള്ള പങ്ക് സംബന്ധിച്ച് അന്വേഷണം നടത്തുമോ?

ഉത്തരം

(എ) 4,92.303 രൂപയ്ക്കാണ് വിറ്റിട്ടുള്ളത്.

(ബി) കോൺട്രാക്ടർമാർ 'റിംഗ്' ചെയ്തതായി അറിവില്ല. എങ്കിലും തടികൾക്ക് ലഭിച്ച വില കുറവാണെന്ന് കാണുകയാൽ ലേലം റദ്ദു ചെയ്യുകയുണ്ടായി.

(സി) 6,62.463 രൂപ.

(ഡി) ഉണ്ട്.

(ഇ) പരാതിയിലെ ആരോപണങ്ങളെപ്പറ്റി വനംവകുപ്പിലെ വിജിലൻസ് വിഭാഗം മുഖേന അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്.

(എഫ്) ഉൾപ്പെടുന്നതാണ്.

1137/2010.

LIBRARY ARCHIVES Kerala Legislative Assembly